(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

വർഗ്ഗീയ സംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം

66 [67] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്ത് തുക ചെലവഴിച്ചു;

(ബി) സംസ്ഥാനത്ത് നടന്ന ഏതെല്ലാം വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മാറാട് നടന്ന വർഗ്ഗീയസംഘട്ടനങ്ങളിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് എന്ത് തുക വീതം നഷ്ടപരിഹാരമായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിനായി മൊത്തം ചെലവഴിച്ച തുകയെത്ര;

(ഇ) മാറാട് വർഗ്ഗീയ സംഘട്ടനത്തെ തുടർന്ന് വീടും മറ്റും നഷ്ടപ്പെട്ടവർക്ക് ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 2003 മേയ് 2-ന് മാറാട് നടന്ന വർഗ്ഗീയസംഭവത്തിൽ മരണമടഞ്ഞ ഒമ്പതുപേരുടെ ആശ്രിതർക്ക് 10 ലക്ഷം (പത്ത് ലക്ഷം) രൂപാ വീതം നഷ്ട പരിഹാരം നൽകി.

(ഡി) ഇതിനായി 90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. 2003 മേയിൽ മാറാടുണ്ടായ വർഗ്ഗീയ സംഘട്ടനത്തെത്തുടർന്ന് വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 രൂപയുടെ (ഒരു കോടി അമ്പത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറു രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly